No. 2013/AB/802 Dated: 31.08.2013

പ്രിയബഹുമാനപ്പെട്ട വൈദികരേ,
അതിരൂപതാ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച വിവിധ കർമ്മപരിപാടികൾ നാം ആസൂത്രണം ചെയ്തിരുന്നുവല്ലോ. ആസൂത്രണം ചെയ്യുന്നതെല്ലാം അതുപോലെ സാക്ഷാത്കരിക്കാൻ സാധിച്ചെന്നുവരില്ല. കുറേയെറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. എങ്കിലും  കുറേയേറെ പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിലൊന്നാണ് ആദ്ധ്യാത്മിക നവോത്ഥാനത്തിനായി വിവിധ സംവിധാനങ്ങളോടുകൂടിയ ഒരു കേന്ദ്രം. ബഹുമാനപ്പെട്ട ജസ്റ്റിൻ അലക്സ് അച്ചൻ നടത്തികൊണ്ട് വരുന്ന അനുഗ്രഹഭവൻ, അദ്ദേഹവുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിച്ച് അതിരൂപതയുടെ ആദ്ധ്യാത്മിക കേന്ദ്രമായി ഏറ്റെടുക്കുകയാണ്. ഈ സെന്ററിനെ വ്യവസ്ഥകളൊന്നും കൂടാതെ അതിരൂപതയ്ക്കായി സമർപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ സന്മനസിനെ അഭിനന്ദിക്കുകയും അദ്ദേഹത്തിന് നന്ദി പറയുകയും ചെയ്യുന്നു.
വിശ്വാസാന്തരീക്ഷം നഷ്ടപ്പെട്ട കുടുംബങ്ങളുടെ വിശ്വാസം വീണ്ടെടുക്കാൻ യേശുവിനെ വീണ്ടും കണ്ടുമുട്ടുവാൻ അനുഗ്രഹഭവൻ ആദ്ധ്യാത്മിക സാഹചര്യം ഒരുക്കുന്നു. വഴിതെറ്റിപ്പോകുന്ന യുവതിയുവാക്കൾക്കും കൂട്ടം തെറ്റിപോകുന്ന വിശ്വാസികൾക്കും എങ്ങോട്ട് പോകണമെന്നറിയാതെ പതറി നില്ക്കുന്ന കുട്ടികൾക്കും നഷ്ടപ്പെട്ട വിശ്വാസവും  വിശുദ്ധിയും വീണ്ടെടുക്കാൻ അനുഗ്രഹഭവൻ വലിയ ആദ്ധ്യാത്മിക സഹായമായിരിക്കും.  വിശ്വാസത്തിന്റെ വാതിൽ തേടുന്ന അനേകരെ അതിലേക്ക് നയിക്കാനും സഭാംഗങ്ങളെ ശക്തരാക്കുവാനും പരിശീലിപ്പിക്കുവാനും അനുഗ്രഹഭവൻ ഉപകരിക്കും. വിശ്വാസം വരും തലമുറയ്ക്ക് ശക്തമായി കൈമാറ്റം ചെയ്യപ്പെടുവാൻ വിശ്വാസികളെ ഒരുക്കുന്ന ഒരു ആത്മീയ ഭവനമാണ് ഇതിലൂടെ നാം സ്വപ്നം കാണുന്നത്.
ഈ സെപ്റ്റംബർ  6-ാം തീയതി വൈകുന്നേരം 3.30 ന് മേനം കുളത്തുള്ള അനുഗ്രഹാഭവനിൽ വച്ച് നടത്തുന്ന ദിവ്യബലിയിലും ധ്യാനകേന്ദ്രപ്രതിഷ്ഠയിലും അഭിവന്ദ്യ വിൻസെന്റ് സാമുവേൽ പിതാവും അഭിവന്ദ്യ സാമൂവേൽ ഐറേനിയസ് പിതാവും പങ്കെടുക്കുന്നു. ദിവ്യബലിയിലും ധ്യാനകേന്ദ്രം ഏറ്റെടുക്കൽ കർമ്മത്തിലും അച്ചന്റെയും ഇടവകപ്രതിനിധിളുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

✝ സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത